LIBRARY ARCHIVES Kerala Legislative Assembly

പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളെ സഹായിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനുമായി ഓഹരി മൂലധനം സർക്കാർ നൽകി വരുന്നുണ്ട്. ദേശീയ സഹകരണ വികസന ഫെഡറേഷന്റെ ധനസഹായത്തോടെ ദുർബല പ്രാഥമിക വിപണന സംഘങ്ങളെ പുനഃരുദ്ധരിക്കുന്നതിനും ദുർബല കാർഷിക വികസന യൂണിറ്റുകളുടെ പുനഃരുദ്ധാരണത്തിനും വാർഷിക പദ്ധതിയിൽ തുക വകയിരുത്താറുണ്ട്. ദേശീയ സഹകരണ വികസന കോർപ്പറേഷന്റെ സഹായത്തോടെ ഐ.സി.ഡി.പി. പദ്ധതിയിൽപ്പെടുത്തി സഹകരണ സംഘങ്ങളുടെ പുനഃരുദ്ധാരണത്തിന് ധനസഹായം നൽകി വരുന്നുണ്ട്.

3. കൂടാതെ 2009-10 സാമ്പത്തിക വർഷം പീഡിത സഹകരണ സംഘങ്ങളെ പുനഃരുദ്ധരിക്കുന്നതിനായി പദ്ധതി ആവിഷ്ക്കരിച്ച് 201 പീഡിത സഹകരണ സംഘങ്ങളെ തെരെഞ്ഞെടുത്ത് 20 കോടി രൂപ ധനസഹായം നൽകിയിട്ടുണ്ട്.

4. കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ് നടപ്പിലാക്കിയിട്ടുള്ള കേരള സഹകരണക്ഷേമ വികസന പദ്ധതി പ്രകാരം നഷ്ടത്തിൽ പ്രവർത്തിക്കുന്ന പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്ക് നഷ്ടം നികത്തുന്നതിനായി ധനസഹായം നൽകി വരുന്നുണ്ട്.

5. നഷ്ടം കുറയ്ക്കുന്നതിന് കിട്ടാകടങ്ങൾ പിരിച്ചെടുക്കുന്നതിനും തദ്വാര നഷ്ടം കുറയ്ക്കുന്നതിനും ഊർജ്ജിത നടപടികൾ സ്വീകരിക്കുന്നതിന് സഹകരണ വകുപ്പ് സംഘങ്ങൾക്ക് നിർദ്ദേശങ്ങൾ നൽകി വരുന്നുണ്ട്.

കാർഷിക മേഖലയുടെ ഉന്നമനത്തിനായി സഹകരണ സംഘങ്ങൾ മുഖേനയുള്ള കർമ്മ പദ്ധതികൾ

5 (5410) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാർഷിക മേഖലയിൽ എത്ര കോടി രൂപ വായ്പ നൽകുകയുണ്ടായി ; ജില്ലാടിസ്ഥാനത്തിൽ കണക്ക് ലഭ്യമാക്കുമോ ;

(ബി) സംസ്ഥാനത്ത് നബാർഡിന്റെ സഹായത്താൽ ഈ സർക്കാരിന്റെ കാലത്ത് എത്ര രൂപയുടെ കാർഷിക വായ്പകൾ നാളിതുവരെ നൽകിയിട്ടുണ്ട് ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(സി) പ്രസ്തുത കാലയളവിൽ സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ സ്വന്തം ഫണ്ടിൽ നിന്നും എത്ര രൂപ നാളിതുവരെ കാർഷിക വായ്പയായി നൽകിയിട്ടുണ്ട് ;

(ഡി) 2001-2006 കാലഘട്ടത്തിൽ സഹകരണ മേഖലയിൽ നിന്നും എത്ര രൂപ വായ്പയായി നൽകിയിരുന്നു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാർഷിക മേഖലയിൽ 8035.66 കോടി രൂപയുടെ വായ്പ നൽകിയിട്ടുണ്ട്. ജില്ലാടിസ്ഥാനത്തിലുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.*

(ബി) കേരള സംസ്ഥാന സഹകരണ ബാങ്ക്, കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് എന്നീ സ്ഥാപനങ്ങൾ മുഖേന നബാർഡിൽ നിന്നും കാർഷിക പുനർ വായ്പായിനത്തിൽ ലഭിച്ച തുകയുടെ വിവരങ്ങൾ വർഷം തിരിച്ച് ചുവടെ ചേർക്കുന്നു :

		തുക കോടിയിൽ
2006-2007	-	332.41
2007-2008	-	498.96
2008-2009	-	246.26
2009-2010	-	148.07
		1225.70

നബാർഡിൽ നിന്നുള്ള കാർഷിക വായ്പകൾ പുനർവായ്പയായാണ് നൽകി വരുന്നത്. വിതരണം ചെയ്യുന്ന കാർഷിക വായ്പയുടെ 30-35% നബാർഡും 25% സംസ്ഥാന സഹകരണ ബാങ്കും 40% ജില്ലാ സഹകരണ ബാങ്കുമാണ് നൽകുന്നത്. അതുകൊണ്ട് ജില്ല തിരിച്ച് ഇതിന്റെ കണക്ക് ലഭ്യമാക്കുക ഉടൻ പ്രായോഗികമല്ല. ശേഖരിച്ച് ഉടൻ സമർപ്പിക്കുന്നതാണ്.

(സി) പ്രസ്തുത കാലയളവിൽ സംസ്ഥാനത്തെ വായ്പ സഹകരണ സംഘങ്ങൾ/ബാങ്കുകൾ സ്വന്തം ഫണ്ടിൽ നിന്നും 6810.93 കോടി രൂപ കാർഷിക വായ്പയായി നൽകിയിട്ടുണ്ട്.

(ഡി) 2001-06 കാലഘട്ടത്തിൽ സഹകരണ മേഖലയിൽ നിന്നും ആകെ 86334.42 കോടി രൂപ വായ്പയായി നൽകിയിട്ടുണ്ട്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly